# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1238 03.10.2016- ൽ മറുപടിയ്ക്ക്

## സാന്ത്വന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ. ബി. സത്യൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | വിദേശത്ത് വച്ച് അപകടത്തിൽ മരണപ്പെടുന്നവർക്കും പരിക്കേറ്റവർക്കും 'സാന്ത്വന പദ്ധതി' പ്രകാരം ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചാൽ സഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ധനസഹായം വിതരണം ചെയ്യുന്നതിൽ ചെറിയ കാലതാമസം നേരിടുന്നതിന് ഇടയായിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്തെ 675 അപേക്ഷകർക്കുള്ള കുടിശികയും ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച 372 പേരുടെ അപേക്ഷകളും ഉൾപ്പെടെ 1047 പേർക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് 4 കോടി 97 ലക്ഷം രൂപ ആവശ്യമാണ്. ഈ വർഷത്തെ ബജ്ഡറ്റ് വിഹിതമായ 5 കോടി രൂപ മുഴുവനും അനുവദിച്ച് നല്കിയിട്ടുണ്ട്. ഏതാനും ദിവസത്തിനകം വിതരണം ആരംഭിക്കും. നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ആയിരത്തോളം അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള ത്വരിത നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു. |
| ബി) | ഉണ്ടെങ്കിൽ ആയതിന്റെ പരിഹാരത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ